**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ –**
**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ: എസ്.ഹരികിഷോർ ഐഎഎസ്)**

വിഷയം : കുടുംബശ്രീ Ag 01 ജൈവകൃഷി - സി എൽ സി തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന : 29 /05 /2018 ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ

**<u>സർക്കുലർ നം. 5436/എച്ച്/18/കെ.എസ്സ്.എച്ച്.ഒ തിയതി 13..06.2018</u>**

ഈ വർഷം എം കെ എസ് പി യുടെ പ്രധാന പദ്ധതികളിൽ ഒന്നായ ജൈവകൃഷി (Ag 01) നടപ്പിലാക്കാൻ വേണ്ടി എല്ലാ ജില്ലകളിലും ക്ലസ്റ്റർ ലെവൽ കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കുന്നതിനായി പരാമർശം പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രസ്തുത സർക്കുലർ പ്രകാരം യോഗ്യതകളുള്ള ക്ലസ്റ്റർ ലെവൽ കോ-ഓർഡിനേറ്റർമാരെ മുഴുവനായും ജീവ/ ജെ എൽ ജി കളിൽ നിന്നും കണ്ടെത്തുവാൻ ബുദ്ധിമുട്ടാണെന്നു 11..06..2018 ലെ പി ആർ എം മീറ്റിംഗിൽ ഡിഎംസി മാർ അറിയിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പരാമർശം പ്രകാരമുള്ള സർക്കുലറിൽ ഭേദഗതി വരുത്തി പ്രീഡിഗ്രി / വി എച്ച് എസ് സി വിദ്യാഭ്യാസ യോഗ്യതയും അടിസ്ഥാന കമ്പ്യൂട്ടർ, ഇന്റർനെറ്റ് പരിജ്ഞാനവും ഉള്ളവരെ ജീവ/ ജെ എൽ ജി കളിൽ നിന്നും ലഭിക്കാത്ത പക്ഷം പ്രസ്തുത യോഗ്യതയുള്ള അയൽക്കൂട്ടാംഗങ്ങളെയും ക്ലസ്റ്റർ ലെവൽ കോ-ഓർഡിനേറ്റർമാരായി പരിഗണിക്കുന്നതിന് ജില്ല മിഷൻ കോ-ഓർഡിനേറ്റർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർക്കും

പകർപ്പ്
സ്റ്റോക്ക് ഫയൽ

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അഗ്രി)**